പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 1018. 12.6.2014 ൽ മറുപടിക്ക്

## എ.എസ്.എ.പി.സ്കൂളുകളിൽ സ്കിൽ പാർക്ക്

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എ.എസ്.എ.പി.യിൽ അധിക വൈദഗ്ധ്യ സമ്പാദന പദ്ധതിയനുസരിച്ച് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ; | (എ) | പദ്ധതിയുടെ ഒന്നാം വർഷമായ 2012-13 വർഷത്തിൽ ബഹുമാന്യ എം.എൽ.എ മാർ നിർദ്ദേശിച്ച സ്കൂളുകൾക്കും ( ഓരോ നിയോജക മണ്ഡലത്തിലും ഒരു സർക്കാർ ഹയർ സെക്കന്ററി സ്കൂൾ വീതം) സംസ്ഥാനത്തെ സർക്കാർ കോളേജുകളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 2013-14 ൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളെയും കോളേജുകളെയും പദ്ധതിയിൽ ഉൾക്കൊള്ളിച്ചു. അപേക്ഷ നൽകുന്ന സ്ഥാപനങ്ങളിൽ പരിശീലനത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ. എസ്.ഡി.ഇ (സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്) എന്ന പരിശീലകർ എന്നിവ ലഭ്യമാണെങ്കിൽ എ.എസ്.എ.പി. ആരംഭിക്കുന്നതാണ്. |
| ബി) | പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ : | (ബി) | ഇത്തരം സ്ഥാപനങ്ങൾക്ക് ഇപ്പോൾത്തന്നെ പരിഗണന നൽകുന്നുണ്ട്. |
| (സി) | നടപ്പുവർഷം തുടങ്ങുന്ന 28 സ്കിൽ പാർക്കുകൾ ഏതെല്ലാം വിദ്യാലയങ്ങളിലാണെന്ന് വ്യക്തമാക്കുമോ : | (സി) യും (ഡി) യും | സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കുവാൻ ബഹു.വിദ്യാഭ്യാസ മന്ത്രി എല്ലാ നിയമസഭാ സാമാജികരോടും അഭ്യർത്ഥിച്ചിരുന്നു. ഇപ്രകാരം നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ സ്കിൽ പാർക്കിന് അനുയോജ്യമാണോ എന്ന് പരിശോധന നടന്നുവരുന്നു. |
| (ഡി) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ വിദ്യാലയങ്ങളെയാണ് സ്കിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ